## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.904 10.06.2019-ൽ മറുപടിയ്ക്ക്.

### ബാലുശ്ശേരി മണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ബാലുശ്ശേരി മണ്ഡലത്തിലെ മലയോര മേഖലകളായ കൂരാച്ചുണ്ട്, പനങ്ങാട് പഞ്ചായത്തുകളിൽ വന്യജീവികളുടെ വ്യാപകമായ ആക്രമണം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ബാലുശ്ശേരി മണ്ഡലത്തിലെ മലയോര മേഖലകളായ കൂരാച്ചുണ്ട്, പനങ്ങാട് പഞ്ചായത്തുകളിൽ മനുഷ്യ-വന്യജീവി സംഘർഷം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വന്യജീവികളുടെ ആക്രമണത്തിൽ കൃഷിനാശം സംഭവിക്കുന്നവർക്കും ആക്രമണങ്ങളിൽ പരിക്കേൽക്കുകയോ, മരണപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ടവർക്കും നൽകി വരുന്ന വിവിധ തരത്തിലുള്ള ധനസഹായങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ; | (ബി) മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ ഭാഗമായി കൃഷിനാശം സംഭവിക്കുന്നവർക്ക് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 05.04.2018-ലെ സ.ഉ (കൈ) നം.17/2018/വനം നമ്പർ ഉത്തരവ് പ്രകാരം പരമാവധി 1,00,000/- (ഒരു ലക്ഷം) രൂപ വരെ നഷ്ടപരിഹാരം നൽകുന്നുണ്ട്. പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ പരിക്കേൽക്കുന്നവർക്ക് ചികിത്സാർത്ഥം ചെലവാകുന്ന മുഴുവൻ തുകയും നൽകാവുന്നതാണ്. ഇക്കാരണത്താൽ മരണപ്പെടുന്നവർക്ക് മേൽ സർക്കാർ ഉത്തരവ് പ്രകാരം 10 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകാവുന്നതാണ്. വനത്തിനു പുറത്തുവച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ 2 ലക്ഷം രൂപ മേൽ ഉത്തരവ് പ്രകാരം നഷ്ടപരിഹാരമായി നൽകാവുന്നതാണ്. വന്യജീവി ആക്രമണം മൂലം പരിക്കേൽക്കുന്നവർക്ക് മേൽ ഉത്തരവ് പ്രകാരം ഒരു ലക്ഷം രൂപ വരെ നൽകുന്നതാണ്. അപേക്ഷകൻ വനം വന്യജീവി കേസിലെ പ്രതിയോ, തോക്ക് ലൈസൻസ് കൈവശമുള്ളയാളോ, വനം കയ്യേറ്റക്കാരനോ ആയിരിക്കാൻ പാടുള്ളതല്ല. |
| (സി) ഇത്തരത്തിലുള്ള ആക്രമണങ്ങൾ തടയുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; | (സി) മനുഷ്യ-വന്യജീവി സംഘർഷത്തിൽ നിന്നും ജനങ്ങളേയും, കൃഷിമേഖലയെയും സംരക്ഷിക്കുന്നതിനായി സൗരോർജ്ജ വേലി, |

ആനപ്രതിരോധ മതിൽ എന്നിവ നിർമ്മിച്ചിട്ടുണ്ട്. കൃഷിയിടങ്ങളിലേക്കിറങ്ങുന്ന വന്യമൃഗങ്ങളെ തിരികെ വനത്തിലേക്കയക്കുന്നതിന് ദിവസ വേതനാടിസ്ഥാനത്തിൽ ദിവസവേതനക്കാരെ നിയോഗിച്ചും പടക്കം പൊട്ടിച്ചും കാട്ടാനകളെ തിരികെ ഓടിക്കാറുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കുരാച്ചുണ്ട്, പനങ്ങാട് പഞ്ചായത്തുകളിൽ വന്യജീവികളുടെ ആക്രമണങ്ങളിൽ നാശനഷ്ടം സംഭവിച്ച എത്ര പേർക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത് എന്നറിയിക്കുമോ?

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കുരാച്ചുണ്ട്, പനങ്ങാട് പഞ്ചായത്തുകളിൽ വന്യജീവികളുടെ ആക്രമണങ്ങളിൽ വീട്ടുകൾ പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് 64.71 ലക്ഷം രൂപയും, വന്യജീവി സംഘർഷത്തിൽ നാശനഷ്ടം സംഭവിച്ച 177 പേർക്ക് 9,26,928/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ